24/12/21

9/12/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 1396(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 12721/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 9**

ശ്രീ. ടി.എൻ. മുരളീധരൻ നായർ,
ശ്രുതി ഹൗസ്,
43/2713, എസ്.ആർ.എം. റോഡ്,
എറണാകുളം -682 018.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ് നോർത്ത് പറവൂർ, എറണാകുളം.
2. അപ്പീൽ അധികാരി & ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ രജിസ്ട്രാർ ജനറലുടെ കാര്യാലയം, എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 12.3.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 31.3.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 8.6.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 28.7.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 9.10.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 11.10.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.10.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 6.11.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 7.12.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

ശ്രീ ടി.എൻ. മുരളീധരൻ നായർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിലും അപ്പീലിലും ആവശ്യപ്പെട്ട രേഖകൾ നൽകിയില്ലെന്നും ആയതിനാൽ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 1.4.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാണ് :

i. Copy of application of request to register the Will deed No.128/3/2001 in favour of Propounders, namely, Sathidevi, Jalajamony and Sreekumar.

ii. Copy of document by which the testatrix obtained right over the property to create a Will deed (title deed or any other valued document)

iii. Copy of evidence or proof to establish that the Will submitted before S.R. was the last Will of the testatrix.

iv. Copy of Health certificate to prove that the testatrix was capable of creating a free Will without any external persation or pressure - issued by a competent authority (Doctor).

3. മേൽപ്പടി അപേക്ഷയ്ക്ക് 31.3.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായി. മേൽപ്പടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരനായ ശ്രീ. റ്റി.എൻ. മുരളീധരൻ നായർ എതിർകക്ഷിയായ പറവൂർ സബ് രജിസ്ട്രാർ/പി.ഐ.ഒ മുമ്പാകെ 20.3.2021 പ്രകാരം പറവൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 128/3/2001 നമ്പർ വിൽപത്രം രജിസ്റ്റർ ചെയ്തു നൽകുന്നതിനായി കക്ഷികൾ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ്, ടി വിൽപത്രം തയ്യാറാക്കിയതിന് വസ്തുവിൻമേൽ കക്ഷിക്ക് അധികാരം സിദ്ധിച്ചത് തെളിയിക്കുന്നതിനുള്ള രേഖകൾ, ടി വിൽപത്രം ആയതുമായി ബന്ധപ്പെട്ട കക്ഷിയുടെ അവസാനത്തെ വിൽപത്രമാണെന്ന് തെളിയിക്കുന്ന രേഖകൾ, വിൽപത്രം രജിസ്റ്റർ ചെയ്യുന്നതിന് കക്ഷി സ്വമേധയാ ഹാജരായിട്ടുള്ളതാണ് എന്നും മറ്റു പ്രേരണകളോ ഇടപെടലുകളോ ഉണ്ടായിട്ടില്ല എന്നും തെളിയിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവയാണ് കക്ഷി ആവശ്യപ്പെട്ടിരിക്കുന്നത് എന്നും ആയതിന് 31.3.2021 തീയതി എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ ആക്ഷേപമുന്നയിച്ചു കൊണ്ടാണ് അപ്പീൽ സമർപ്പിച്ചിരുന്നത് എന്നും ടി അപ്പീൽ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പറവൂർ സബ് രജിസ്ട്രാറിനോട് 26.7.2021 തീയതിയിലെ കത്ത് മുഖേന റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു എന്നും അപ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി നിശ്ചിത സമയപിധിക്കുള്ളിൽ തന്നെ മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്. ആകയാൽ അപേക്ഷകന് സെക്ഷൻ 7(1) വകുപ്പു പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ സാധ്യമായ മറുപടി നൽകിയിട്ടുള്ളതായി അപ്പീൽ അധികാരിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നും വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുമ്പോൾ ലഭ്യമാക്കേണ്ട വിവരത്തിന് ഒടുക്കേണ്ടുന്ന ഫീസ് നിരക്ക്, ആയത് നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതി ഇവ വ്യക്തമായി മറുപടിയിൽ സൂചിപ്പിക്കേണ്ടതാണെന്നും എസ്.പി.ഐ.ഒ യെ അറിയിക്കുന്നു എന്നും രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള നിശ്ചിത ഫീസ് ഒടുക്കുകയും മറുപടിയിൽ ആവശ്യപ്പെട്ട മരണ സർഫിക്കറ്റ്

സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് പകർപ്പ് നൽകേണ്ടതാണെന്നും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരനായ ശ്രീ. ടി.എൻ. മുരളീധരൻ നായർ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ടി ഓഫീസിൽ (പറവൂർ സബ് രജിസ്ട്രാർ ഓഫീസ്) രജിസ്റ്റർ ചെയ്ത 128/3/2001 നമ്പർ വിൽപത്രം രജിസ്റ്റർ ചെയ്തു നൽകുന്നതിനായി കക്ഷി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ്, ടി വിൽപത്രം തയ്യാറാക്കിയതിന് വിൽപത്രകർത്താവിന് ടി അധികാരം സിദ്ധിച്ചത് തെളിയിക്കുന്ന രേഖകൾ, ടി വിൽപത്രം ആയതുമായി ബന്ധപ്പെട്ട കക്ഷിയുടെ അവസാന വിൽപത്രമാണ് എന്ന് തെളിയിക്കുന്ന രേഖകൾ, വിൽപത്രം രജിസ്റ്റർ ചെയ്യുന്നതിന് കക്ഷി സ്വമേധയാ ഹാജരാക്കിയിട്ടുള്ളതാണോ എന്നും മറ്റു പ്രേരണകളോ ഇടപെടലുകളോ ഉണ്ടായിട്ടില്ല എന്നും തെളിയിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവയാണ് ആവശ്യപ്പെട്ടിരുന്നതെന്നും 31.3.2021–ന് ടിയാന് മറുപടി വിവരാവകാശ നിയമത്തിലെ സമയപരിധി പാലിച്ച് നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും, ഹിയറിംഗ് വേളയിൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു. ആവശ്യപ്പെട്ട രേഖാപകർപ്പുകൾ എല്ലാം തന്നെ വിവരാവകാശ നിയമ പ്രകാരം തന്നെ ലഭിച്ചിട്ടുള്ളതായി ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ടി മറുപടിയിൽ ടിയാനുള്ള ആക്ഷേപം ദൂരീകരിക്കുന്നതിനായി ടിയാൻ ആവശ്യപ്പെടുകയാണെങ്കിൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി തയ്യാറാക്കിയതിന് ആധാരമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ രേഖകളുടെ പകർപ്പുകൾ എടുക്കുന്നതിനുമുള്ള സൗകര്യം ഒന്നാം എതിർകക്ഷി ചെയ്തു കൊടുക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 9–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk